# കാറ്റുവീഴ്ചരോഗ സമഗ്രപരിപാലന പ്രദർശനത്തോട്ടം പദ്ധതി തുടങ്ങി

**കായംകുളം:** കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം സംസ്ഥാനത്തെ ഏഴ് ജില്ലകളിൽ തെങ്ങിന്റെ കാറ്റുവീഴ്ചരോഗ സമഗ്ര പരിപാലന പ്രദർശന ത്തോട്ടം പദ്ധതി നടപ്പാക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കേരഗ്രാമം പഞ്ചായത്തുകളിലാണിത്. തമിഴ്നാട്ടിലെ തേനി ജില്ലയിലും കർഷക പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി നടപ്പാക്കുന്നുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിവകുപ്പ്, കേരകർഷക കൂട്ടായ്മകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി.

കായംകുളം സി.പി.സി.ആർ.ഐ. കേന്ദ്രത്തിൽ ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഹോർട്ടികൾച്ചർ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.എൻ.കെ.കൃഷ്ണകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു. സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ.ചൗഡപ്പ അധ്യക്ഷത വഹിച്ചു. ഡോ.ടി. ജാനകിറാം, ഡോ.വി.കൃഷ്ണകുമാർ, ഡോ.മഹേശ്വരപ്പ, പഞ്ചായത്ത് പ്രസിഡൻറുമാരായ അബ്ദുൾ സലിം, ടി.പ്രസന്നകുമാരി, അഡ്വ.ജഗദമ്മ എന്നിവർ പ്രസംഗിച്ചു.



കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ തെങ്ങ് പ്രദർശനത്തോട്ടം പദ്ധതി ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഹോർട്ടിക്കൾച്ചർ വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.എൻ.കെ.കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു